**അടിയന്തരപ്രമേയനോട്ടീസ്**

വെഞ്ഞാറമൂട് ഇരട്ടക്കൊലപാതക കേസിന്റെ തുടരന്വേഷണം

മി. സ്പീക്കർ: വെഞ്ഞാറമൂട് ഇരട്ടക്കൊലപാതക കേസിന്റെ ഗൂഢാലോചനയിൽ പോലീസ് അന്വേഷണം നടത്തിയിട്ടില്ലെന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ തുടരന്വേഷണത്തിന് തയ്യാറാകാതെ കേസ് അട്ടിമറിക്കുന്നതായും അതുമൂലം പൊതുസമൂഹത്തിൽ ഉളവായിട്ടുള്ളതായും പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. ഷാഫി പറമ്പിൽ, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസിൽ പരാമർശിച്ചിരിക്കുന്ന കേസിന്മേലുള്ള പോലീസ് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുകയും വിചാരണയ്ക്കായി പോസ്റ്റ് ചെയ്തിരിക്കുകയുമാണെന്നാണ് മനസ്സിലാക്കുന്നത്. ഒരു വ്യക്തി നടത്തിയതായി പറയപ്പെടുന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിലുള്ള കാര്യമാണ് നോട്ടീസിലൂടെ ഉന്നയിച്ചിരിക്കുന്നത്. ചട്ടം 52(3) പ്രകാരം അടുത്ത കാലത്തുള്ള ഒരു സംഭവമായിരിക്കണം അടിയന്തരപ്രമേയമായി ഉന്നയിക്കേണ്ടത്. ഇക്കാര്യത്തിൽ ഏതെങ്കിലും

തരത്തിലുള്ള അടിയന്തര പ്രാധാന്യമുള്ളതായി കാണുന്നില്ല. അതിനാൽ നോട്ടീസിന് അവതരണാനുമതി നൽകാൻ കഴിയില്ലെന്ന് അറിയിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് സമീപകാലത്തായി നിസ്സാരമായ കാരണങ്ങൾ പറഞ്ഞ് ഈ സഭയുടെ കീഴ്‌വഴക്കങ്ങൾ നോക്കാതെ റൂൾ 50 അനുസരിച്ച് അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുമതി നിഷേധിക്കുകയാണ്. ഈ കേസ്സിൽ ചാർജ്ജ് ഷീറ്റ് കോടതിയിൽ കൊടുത്തിരിക്കുകയാണെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷേ പുതിയ വെളിപ്പെടുത്തലുണ്ടായി; ക്രിമിനൽ പ്രൊസീഡ്യുവർ കോഡിന്റെ 173(8) അനുസരിച്ച് പുതിയ വെളിപ്പെടുത്തലുകളുണ്ടായാൽ പുനരന്വേഷണം നടത്താം. കോടതിയിൽ കൊടുത്തിരിക്കുന്ന കേസ്സിൽ പറയുന്ന കാര്യങ്ങളുടെ അടിത്തറ മുഴുവൻ തകരുന്ന രീതിയിലാണ് പുതിയ വെളിപ്പെടുത്തലുണ്ടായിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ഒരു വ്യക്തി നടത്തിയ വളരെ സുപ്രധാനമായ വെളിപ്പെടുത്തലാണിത്. നമ്മുടെ നാട്ടിൽ ഇത്തരം വെളിപ്പെടുത്തലുകളുണ്ടാകുമ്പോൾ സഭയിൽ പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പുനരന്വേഷണം നടത്തണമെന്ന ആവശ്യത്തിന്മേൽ പല പ്രാവശ്യം റൂൾ 50 അനുസരിച്ച് അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഞാൻ ആ

സംഭവങ്ങളൊന്നും ഇവിടെ ആവർത്തിക്കുന്നില്ല. ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലെ 173(8) അനുസരിച്ച് പുനരന്വേഷണം നടത്തണമെന്നാണ്. ഈ വെളിപ്പെടുത്തലുണ്ടായത് സമീപ ദിവസങ്ങളിലാണ്. സഭ ഇപ്പോൾ രണ്ടാമത്തെ ദിവസമാണ് കൂടുന്നത്. ഏറ്റവും സമീപ സമയത്തുണ്ടായ ഒരു വെളിപ്പെടുത്തലിന്മേൽ 173(8) അനുസരിച്ചുള്ള പുനരന്വേഷണമോ സി.ബി.ഐ. അന്വേഷണമോ വേണമെന്നുള്ള ഞങ്ങളുടെ ആവശ്യം റൂൾ 50-യുമായി ബന്ധപ്പെട്ടുള്ള ചട്ടങ്ങളൊന്നും ലംഘിക്കപ്പെടുന്നില്ല. അതുകൊണ്ട് ഇതിന് അനുമതി നൽകണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ അടിയന്തരപ്രമേയം അനുവദിക്കുന്നതിൽ ചെയർ കീഴ്വഴക്കങ്ങൾ ലംഘിക്കുന്നുവെന്ന് പറയുകയുണ്ടായി. യഥാർത്ഥത്തിൽ നിരാകരണ പ്രമേയത്തിന്റെ സാധ്യതയുള്ള വിഷയത്തിൽപ്പോലും അടിയന്തരപ്രമേയം അനുവദിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. അൻവർ സാദത്ത്: സർ.....(മൈക്ക് ഓഫ്)...

മി. സ്പീക്കർ: അങ്ങ് അവിടെയിരിക്കൂ.... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെയുണ്ടല്ലോ....(.....ബഹളം....) പ്രതിപക്ഷനേതാവിന് മുകളിലാണോ അങ്ങ്... പ്രതിപക്ഷനേതാവ് ഇവിടെ

കാര്യമാത്രപ്രസക്തമായി ഉന്നയിച്ച ഒരു കാര്യത്തെക്കുറിച്ചാണ് പ്രതികരിക്കുന്നത്. അങ്ങ് അവിടെ സംസാരിക്കാതിരിക്കു...... വളരെ ഉദാരമായിട്ടുള്ള ഒരു സമീപനമാണ് ചെയർ പൊതുവിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. പക്ഷേ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ഈ കേസ് കോടതിയുടെ പരിഗണനയിലിരിക്കുകയാണെന്ന് പ്രതിപക്ഷനേതാവ് തന്നെ ചൂണ്ടിക്കാണിച്ചു. വിചാരണ തുടങ്ങാനിരിക്കുന്ന ഒരു കേസായതിനാൽ അത് കോടതിയുടെ വിഷയമാണ്. അതുകൊണ്ട് അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുകയാണ്.

(അടിയന്തരപ്രമേയ നോട്ടീസിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: എല്ലാ അംഗങ്ങളും സീറ്റുകളിലേയ്ക്ക് മടങ്ങണം.

(ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് മടങ്ങി.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഈ സഭയിൽ വെല്ലിലിറങ്ങുന്ന പ്രതിപക്ഷം എങ്ങനെ പെരുമാറണമെന്ന് നിർദ്ദേശിക്കാനും

അവർക്ക് ക്ലാസ്സെടുക്കാനും ഈ സഭയിലെ ഏറ്റവും യോഗ്യനായ അംഗം ശ്രീ. വി. ശിവൻകുട്ടി തന്നെയാണ്. അക്കാര്യത്തിൽ സംശയമൊന്നുമില്ല. ഞങ്ങളത് സ്വീകരിക്കുന്നു. (....ബഹളം.....) അദ്ദേഹത്തിന്റെ നിർദ്ദേശം ഞങ്ങൾ സ്വീകരിക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ രണ്ടുമൂന്ന് നിർദ്ദേശങ്ങൾ പറഞ്ഞത് ഞങ്ങൾ സ്വീകരിക്കുന്നു. (....ബഹളം.....) കറകളായിട്ടുള്ള ആളാണ്. ഇക്കാര്യത്തിൽ ഗുരുതുല്യനായിട്ടുള്ള ആളാണ്. അത് ഞങ്ങൾ സ്വീകരിക്കുന്നു. (....ബഹളം.....)

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങൾ വളരെ സുപ്രധാനമായ ഒരു വിഷയമാണ് നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ തീരുമാനിച്ചത്. രണ്ട് സി.പി.ഐ.(എം.) പ്രവർത്തകർ കൊലചെയ്യപ്പെട്ട വെഞ്ഞാറമൂട് ഇരട്ടക്കൊലപാതകത്തിന്റെ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ, ഈ വിചാരണ നടന്നുകഴിഞ്ഞാൽ ഇതിലെ പ്രതികൾ രക്ഷപ്പെട്ടുപോകുന്ന സാഹചര്യമുണ്ടാകും. ഞങ്ങളിത് സൂചിപ്പിക്കാൻ കാരണം, ഇത് രാഷ്ട്രീയ കൊലപാതകമാണെന്നാരോപിച്ച് സംസ്ഥാനത്തെ 168 കോൺഗ്രസ് ഓഫീസുകളാണ് ഈ സംഭവത്തോടനുബന്ധിച്ച് തല്ലിത്തകർത്തത്. ഈ വിഷയത്തിന്റെ യഥാർത്ഥ ഗൂഢാലോചന കൃത്യമായി പുനരന്വേഷണം

നടത്തി അന്വേഷിച്ചില്ലെങ്കിൽ ഈ രണ്ടുപേരെയും കൊല ചെയ്ത ആളുകളെ ശിക്ഷിക്കാൻ കഴിയാത്ത തരത്തിലേയ്ക്ക് പോകും. ഇതിന്റെ ഗൂഢാലോചന മാറിപ്പോകും. നിങ്ങളുടെ സഖാക്കളാണ്, അവരുടെ കുടുംബത്തെ സംരക്ഷിക്കാൻവേണ്ടി നിങ്ങൾ കളക്ഷൻ നടത്തി അമ്പത് ലക്ഷത്തോളം രൂപ കൊടുത്തതാണ്, ഇത് രാഷ്ട്രീയ കൊലപാതകമാണെന്ന് നിങ്ങൾ ആരോപിച്ചതാണ്. സെക്ഷൻ 173(8) അനുസരിച്ച് പുനരന്വേഷണം നടത്താനോ ഇതിന്റെ ഗൂഢാലോചനയെക്കുറിച്ച് പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ നിയമപരമായി സി.ബി.ഐ. അന്വേഷണം നടത്താനോ ഗവൺമെന്റ് തയ്യാറാകണമെന്നാണ് ഞങ്ങളുടെ നിലപാട്. ഈ ആവശ്യം സഭയിൽ ഉന്നയിക്കാനോ ചർച്ച ചെയ്യാനോ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും യു.ഡി.എഫ്. അംഗങ്ങളും ഈ സഭയിൽനിന്ന് വാക്കൗട്ട് ചെയ്യുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും യു.ഡി.എഫ്. അംഗങ്ങളും ഒന്നടങ്കം സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)